**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ-എെ.ഡി.കെ-8/205/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:25.05.2020
Ph:04862 22733
E-mail:doidk.ksad@kerala.gov.in

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- **പീരുമേട് ഗ്രാമപഞ്ചായത്ത് -2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, ഭാഗം 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എെ.ഡി.കെ-8/205/2020 തീയതി:25.05.2020

## ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2018 മുതൽ 19.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിലും മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി.ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ | |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 20.02.2020 മുതൽ 26.02.2020 വരെ | |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി. സുസന്നിയാമ്മ തോമസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സോമൻ എം.റ്റി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഭിലാഷ് എം.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽ കുമാർ ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സുനിതാ ബാബു ബി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ കെ. സി. | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | സുലേഖ റ്റി.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| **സെക്രട്ടറി** | ശ്രീ.കെ.റ്റി. ഷാജി | 01-04-2018മുതൽ 31.03-2019വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസിസ്റ്റന്റ്എഞ്ചിനിയർ** | ശ്രീ.രമേശൻ.റ്റി.ആർ. | 01-04-2018 മുതൽ 23-05-2018വരെ |
| | ശ്രീ.ജ്യോതിസ് ജോർജ് | 24-05-2018 മുതൽ 04-01-2019 വരെ |
| | ശ്രീ.ദിനേശ് പി.കെ | 05-01-2019 മുതൽ 07-03-2019വരെ |
| | ശ്രീ.സുനിൽ കുമാർ പി | 08-03-2019 മുതൽ 31-03-2019വരെ |
| **കൃഷി ആഫീസർ** | ശ്രീമതി. അനാമിക എം.എസ്. | 01.04.2018 മുതൽ 20-03-2019വരെ |
| | ശ്രീ.അബ്രാഹാം സ്കറിയ | 21-03-2019 മുതൽ 31-03-2019 വരെ |
| **മെഡിക്കലാഫീസർ (ആരോഗ്യം)** | ഡോ.ഡോൺ ബോസ്കോ | 01-04-2018 മുതൽ 31-03-2019 വരെ |
| **മെഡിക്കലാഫീസർ (ഹോമിയോ)** | ഡോ. സജീന കെ.എ. | 01-04-2018 മുതൽ 25-07-2018വരെ |
| | ഡോ. അഭിരാജ് എസ്. | 26.07.2018 മുതൽ 26-10-2018 വരെ |
| | ഡോ.അഫ്സൽ എ.എസ് | 27-10.2018 മുതൽ 31.03.2019 |
| **മെഡിക്കലാഫീസർ (ആയുർവ്വേദം)** | ഡോ.ജീന | 01-04-2018 മുതൽ 31-05-2018 വരെ |
| | ഡോ.ഡോണ അബ്രാഹാം | 01-06-2018 മുതൽ 11-10-2018വരെ |
| | ഡോ.കബീർ | 12-10-2018 മുതൽ 10-01-2019വരെ |
| | ഡോ.ഹരി മോഹൻ | 11-01-2019 മുതൽ 31-03-2019വരെ |
| **വെറ്ററിനറി സർജൻ** | ഡോ.അരുണാചലം | 01-04-2018 മുതൽ 31-03-2019 വരെ |
| **അസി.സെക്രട്ടറി** | ശ്രീ.കെ.പി. അജു | 01-04-2018 മുതൽ 31-03-2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | ശ്രീമതി.റ്റീന ജോയി | 01-04-2018 മുതൽ 23-05-2018 വരെ |
| | ശ്രീമതി.സുമി ചെറിയാൻ | 24-05-2018 മുതൽ 31-03-2019വരെ |
| **വി.ഇ.ഒ** | ശ്രീ.ജയസൂര്യൻ എം | 01-04-2018 മുതൽ 31-03-2019 വരെ |
| **ഹെഡ് മാസ്റ്റർ** | ശ്രീമതി.എം.ഐ. ഷൈലജ | 01-04-2018 മുതൽ 31-03-2019വരെ |

**ഉള്ളടക്കം**

| ക്രമ. | ഖണ്ഡിക | ഖണ്ഡിക |
|---|---|---|

| നം. | നം. | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 13 | 1-13 | വസ്തുനികുതി സംബന്ധിച്ച കേസ് നടത്തിപ്പിൽ അപാകത - കക്ഷി ചേരാതിരുന്നതിനാൽ സമാനകേസിലെ അനുകൂല വിധി പഞ്ചായത്തിന് ബാധകമായില്ല |

| | | |
|---|---|---|
| 14 | 1-14 | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 15 | 1-15 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല- കുടിശ്ശിക ലക്ഷങ്ങൾ - സഞ്ചയ-സാംഖ്യ പ്യൂരിഫിക്കേഷനിൽ അപാകത നിലനിൽക്കുന്നു |
| 16 | 1-16 | വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല. |
| 17 | 1-17 | പെർമിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല, ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് |
| 18 | 1-18 | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല – കടമുറികളുടെ വാടക നഷ്ടപ്പെടുന്നു |
| 19 | 1-19 | അനധികൃത കെട്ടിടങ്ങൾ യഥേഷ്ടം പ്രവർത്തിക്കുന്നു |
| 20 | 1-20 | പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതി-അധിക നിരക്ക് നല്കി |
| 21 | 1-21 | പദ്ധതി രൂപീകരണം-നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു |
| 22 | 1-22 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് -വിശദീകരണം ലഭ്യമാക്കേണ്ടതാണ്- ₹3218162/- യുടെ ചെലവ് തടസ്സം |
| 23 | 1-23 | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വളം വിതരണം നടത്തി- ചെലവ് തടസ്സം ₹1292218/- |
| 24 | 1-24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹1200000/- |
| 25 | 1-25 | വിവിധ തൈ വിതരണ പദ്ധതികൾ- അപാകതകൾ-ചെലവ് തടസ്സം ₹550000/- |

| | | |
|---|---|---|
| 26 | 1-26 | സ്പോട്സ് കിറ്റ് വാങ്ങി നൽകൽ-നടത്തിപ്പിലെ അപാകതകൾ ചെലവ് തടസ്സം ₹99900/- |
| 27 | 1-27 | വിവിധ കുരുമുളക് തൈ വിതരണ പദ്ധതി - ചുമട്ട് കൂലി- നൽകിയ രേഖ ഹാജരാക്കിയില്ല- ചെലവ് തടസ്സം ₹14080/- |
| 28 | 1-28 | ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 29 | 1-29 | വനിതാ ഉല്പന്ന വിപണന കേന്ദ്രം-കെട്ടിടം നിർമ്മാണം മാത്രമായി അവശേഷിക്കുന്നു |
| 30 | 1-30 | വയോജന വിശ്രമ കേന്ദ്രം -പ്രയോജനരഹിതം |
| 31 | 1-31 | ശബരിമല അടിസ്ഥാന സൗകര്യമൊരുക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 32 | 1-32 | മരാമത്ത് പ്രവൃത്തി- ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സേവനം തേടാതെ സെക്രട്ടറി നേരിട്ട് നടപ്പാക്കി |
| 33 | 1-33 | എസ്.എസ്.എ-വിശദാംശങ്ങളില്ലാത്ത വിനിയോഗ സാക്ഷ്യപത്രം |
| 34 | 1-34 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 35 | 1-35 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 36 | 1-36 | സി.എച്ച്.സി.- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല- |
| 37 | 1-37 | പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം-അപാകതകൾ. |
| 38 | 1-38 | പള്ളിക്കുന്ന് കുടിവെള്ള പദ്ധതിയിൽ പാഴ്ച്ചെലവ് |

| | | |
|---|---|---|
| 39 | 1-39 | പൊതുമരാമത്ത് പദ്ധതി നിർവ്വഹണം -കാര്യക്ഷമമല്ല |
| 40 | 1-40 | വെള്ളക്കരം ഒടുക്കൽ -സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| 41 | 1-41 | മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -ഭരണചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല |
| 42 | 1-42 | ആശ്രയ പദ്ധതി-ലഭിച്ച തുക ചെലവഴിക്കുന്നില്ല |
| 43 | 1-43 | ആരോഗ്യവിള പരിപാലനകേന്ദ്രം-എൽ.എസ്.ജി.ഡി.ഓഫീസായി പ്രവർത്തിക്കുന്നു |
| 44 | 1-44 | ഡി.റ്റി.പി.സി തൊഴിലാളികളുടെ വേതനം -നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 45 | 1-45 | തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല. |
| 46 | 1-46 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം |
| 47 | 1-47 | അസിസ്റ്റന്റ് എഞ്ചനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. |
| 48 | 1-48 | ലൈഫ് പദ്ധതി അവലോകനം |
| 49 | 1-49 | മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും |
| 50 | 3-1 | പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതി-അധികനിരക്ക് നല്കിയതുമൂലം നഷ്ടം-₹103762/- |

| | | |
|---|---|---|
| 51 | 3-2 | പദ്ധതി രൂപീകരണം-നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച |
| 52 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 53 | 4-2 | സംയുക്ത പ്രോജക്ടുകൾ |
| 54 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 55 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 56 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 57 | 4-6 | സ്ഥിര നിക്ഷേപം |
| 58 | 4-7 | ഓഡിറ്റ് റിക്കവറി |
| 59 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം |
| 60 | 4-9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 61 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 62 | 4-11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 63 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 13.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17869158 |
| വരവ് | 167372788 |
| ആകെ | 185241946 |
| ചെലവ് | 119471256 |
| നീക്കിയിരിപ്പ് | 65770690 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 27187283 | 27187283 | 24255081 | 2932202 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 20813000 | 20813000 | 20364906 | 448094 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 162000 | 162000 | 160025 | 1975 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 14644000 | 14644000 | 14584630 | 59370 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5348000 | 5348000 | 5047219 | 300781 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 15130293 | 15130293 | 10736256 | 4394037 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 80250 | 752182 | 832432 | 789465 | 42967 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| തൊഴിലാളികളുടെ കൂലി | 0 | 31175152 | 31175152 | 31175152 | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ഐസിഡിഎസ് | 2493809 | 483772 | 2977581 | 394618 | 2582963 |
| ടോട്ടൽ സാനിട്ടേഷൻ | 131750 | 923304 | 1055054 | 301750 | 753304 |
| പ്രളയ ദുരിതാശ്വാസം-സംഭാവന | 0 | 11350 | 11350 | 0 | 11350 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1300000 | 1300000 | 0 | 1300000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320200307) | 280000 | 0 | 280000 | 280000 | 0 |
| ഹരിയാലി | 892800 | 0 | 892800 | 892800 | 0 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320200399) | 10718 | 0 | 10718 | 0 | 10718 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്സ് (320300199) | 230100 | 0 | 230100 | 0 | 230100 |
| വിമുക്തി | 2230 | 25000 | 27230 | 25000 | 2230 |
| ബ്ലോക്ക് പഞ്ചായത്ത് | 1609009 | 5139776 | 6748785 | 4404097 | 2344688 |

| | | | | | |
|---|---|---|---|---|---|
| നിർമ്മൽ പുരസ്കാരം | 200000 | 0 | 200000 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 206110 | 3885752 | 4091862 | 3000000 | 1091862 |
| ബി ഫണ്ട് | 0 | 32160 | 32160 | 32160 | 0 |
| ജനറൽ പർപസ് ഗ്രാന്റ് | 0 | 10541461 | 10541461 | 10541461 | 0 |
| പ്ലാൻ ഫണ്ട് 2319,1810,9227 | 3771478 | 0 | 3771478 | 63698 | 3707780 |
| SC/ST ഫണ്ട് | 39801 | 0 | 39801 | 649 | 39152 |
| SSA | 98214 | 3824 | 102038 | 0 | 102038 |
| സ്പെഷ്യൽ ഫണ്ട് | 0 | 199740 | 199740 | 0 | 199740 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 425000 | 425000 | 425000 | 0 |
| കേരളോത്സവം, ഉത്സവ ഗ്രാന്റ് | 0 | 520000 | 520000 | 520000 | 0 |
| തനത് ഫണ്ട് -ബാങ്ക് | 7421959 | 11317045 | 18739004 | 7049827 | 11689177 |
| ട്രഷറി | 361430 | 22672513 | 23033943 | 11991252 | 11042691 |
| ക്യാഷ് | 0 | 124430 | 124430 | 0 | 124430 |

(*) B-4-ൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിന്റെ ഏതൊക്കെ അക്കൗണ്ടുകളിലാണ് നിലനിർത്തിയിരിക്കുന്നതെന്ന കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ട് നീക്കിയിരുപ്പ് തുകയുടെ ബാങ്ക്-ട്രഷറി തിരിച്ചുള്ള വിശദാംശങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പാക്കാനായില്ല.

(**) തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് കൊടുത്തിരിക്കുന്നതിനാൽ തനത് ഫണ്ടിന്റെ മുൻവർഷ നീക്കിബാക്കി തൻവർഷ പ്രാരംഭ ബാക്കിയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 274 | 313194593 | 172 | 86026449 | 0 | 102 | 62.77 |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | | | (സുലേഖ പ്രകാരം) | | |
| 1.സെക്രട്ടറി | 38 | 27 | 71.05 | 18142425 | 10163251 | 56.02 |
| 2.അസി.എൻജി | 181 | 104 | 57.46 | 86918087 | 41534538 | 47.79 |
| 3.വെറ്ററിനറി സർജൻ | 4 | 2 | 50.00 | 750000 | 136605 | 18.21 |
| 4.കൃഷി ഓഫീസർ | 7 | 7 | 100 | 3738500 | 2494920 | 66.74 |
| 5. ഐ സി ഡി എസ് | 5 | 4 | 80 | 4874000 | 3979222 | 81.64 |
| 6. മെഡിക്കൽഓഫീസർ (ആരോഗ്യം) | 9 | 8 | 88.89 | 1800000 | 1292615 | 71.81 |
| 7. വി.ഇ.ഒ | 9 | 6 | 66.67 | 189356237 | 22028739 | 11.63 |
| 8.മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 100000 | 100000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9.ഹെഡ് മാസ്റ്റർ | 5 | 5 | 100 | 1087000 | 931147 | 85.66 |
| 10.മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 1 | 1 | 100 | 450000 | 450000 | 100 |
| 11.അസി.സെക്രട്ടറി | 7 | 7 | 100 | 5978344 | 2915412 | 48.77 |
| **ആകെ** | **274** | **172** | **64.42** | **313194593** | **86026449** | **27.47** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 80250 | 752182 | 832432 | 789465 | 42967 |
| തൊഴിലാളികളുടെ കൂലി | 0 | 31175152 | 31175152 | 31175152 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32160 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 2120800 | 168 |
| വിധവാപെൻഷൻ | 10701400 | 953 |
| വാർദ്ധക്യകാലപെൻഷൻ | 22942800 | 2437 |
| വികലാംഗപെൻഷൻ | 2797000 | 241 |
| 50 വയസ്സിൻ മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 52800 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹24959/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോട്ട കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.ധനകാര്യ സ്റ്റൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്,ഓഡിറ്റ് തടസ്സ/നിരാകരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല .ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. ടി യോഗത്തിൽ തന്നെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ എന്തെങ്കിലും വിഷയം ചർച്ച ചെയ്തതായോ ഏതെങ്കിലും തീരുമാനം എടുത്തിട്ടുള്ളതായോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.01.2019,10.01.2019 | 12/2019 | 4.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.2016-1.3.2016 | 2010-11 മുതൽ 2014-15 വരെ | 25.4.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബി-11(എ) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹310193/- ആണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്ക് പ്രകാരം ഇത് ₹1570870/- ആണ്.

2. വസ്തുനികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. RP (7)ലെ വികസനഫണ്ട് (എസ്.സി.പി)യിലെ തുക ₹20331661/- ആണ്. എന്നാൽ എ.സി.ആർ. പ്രകാരം ഇത് ₹20364906/- ആണ്.

4. ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. നികുതി കുടിശ്ശികകൾക്ക് ബാലൻസ് ഷീറ്റിൽ ബി-15(എ) പത്രികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

6. ഐ-18 ഷെഡ്യൂൾ പ്രകാരം എഴുതി തള്ളിയതായി കാണിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. ഷെഡ്യൂൾ ബി 9-ൽ, അദർ ക്രഡിറ്റേഴ്സ് കൺട്രോൾ അക്കൗണ്ട്(350109901),ലേയ്ബലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റേൽ ചെക്സ്(350800101),അദർ ലേയ്ബലിറ്റീസ്(350800299) എന്നീ ഹെഡുകളിലെ തുകകളുടെ കൃത്യത, ഉപോദ്ബലകമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ, പരിശോധിക്കാനായില്ല.

8. എസ്.എസ്.എ.,എസ്.സി/എസ്.റ്റി. ഫണ്ടുകൾ ചെലവഴിക്കാനവശേഷിക്കുന്നുവെന്ന് ബി17 ഷെഡ്യൂളിൽ നിന്ന് വ്യക്തമാവുന്നു.എന്നാൽ ഷെഡ്യൂൾ ബി4-ൽ ഇവ ബാദ്ധ്യതയായി ചേർത്തിട്ടില്ല.

9. ബി17 ഷെഡ്യൂളിൽ സ്പെഷ്യൽ ഫണ്ട് എന്ന് ഒരു അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട്.എന്നാൽ അതിന്റെ വരവ് ചെലവ് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയിട്ടില്ലാത്തതിനാൽ ₹1750/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേരു വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|
| താലൂക്ക് ഹെഡ് കോർട്ടേഴ്സ് ഹോസ്പിറ്റൽ, പീരുമേട്(ഒന്നാം അർദ്ധ വർഷം) | ഷൈനി ബോബൻ, സ്റ്റാഫ് നഴ്സ് | 17760x6 = 106560 | 1000 | 750 | 250 |
| | നീതു തോമസ്, സ്റ്റാഫ് നഴ്സ് | 17760x6 = 106560 | 1000 | 750 | 250 |

| | | | | | |
|---|---|---|---|---|---|
| | മിസ്സ പി ജോയ് ഫിസിയോതെറാപ്പിസ്റ്റ് | 16980x6= 101880 | 1000 | 750 | 250 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പീരുമേട്(രണ്ടാം അർദ്ധ വർഷം) | റോഷ്ന.സി, ജൂനിയർ അസോസിയേറ്റ് | 21826x6= 130956 | 750 | 1250 | 500 |
| | ശ്രീകുമാർ.വി.എസ്, ജൂനിയർ അസോസിയേറ്റ് | 21826x6= 130956 | 750 | 1250 | 500 |
| **ആകെ കുറവു വന്ന തുക** | | | | | 1750 |

തൊഴിൽ നികുതിയിനത്തിൽ കുറവു വന്ന തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

### 1-13 വസ്തുനികുതി സംബന്ധിച്ച കേസ് നടത്തിപ്പിൽ അപാകത - കക്ഷി ചേരാതിരുന്നതിനാൽ സമാനകേസിലെ അനുകൂല വിധി പഞ്ചായത്തിന് ബാധകമായില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മരിയൻ കോളേജ്, കുട്ടിക്കാനം എന്ന സ്വാശ്രയ സ്ഥാപനത്തിന്റെ 2013-14 മുതലുള്ള വസ്തുനികുതി ഒടുക്കുന്നത് സംബന്ധിച്ച് ടി സ്ഥാപനം ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)6623/2018 -ാം നമ്പർ കേസിനെ തുടർന്ന് വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ 27.2.2018 ൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിൽ വന്നിട്ടുള്ളതാണ്. സമാന വിഷയം സംബന്ധിച്ച് കേരളത്തിലെ വിവിധ സ്വകാര്യ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ കേസുകൾ (WP(C) of 2019(w), WP(C)17577 of 2010, WP(C)24238 of 2011, WP(C)1421 of 2013, WP(C)9333 of 2014, WP(C)10323 of 2015, WP(C)11152 of 2015, WP(C)28475 of 2016, WP(C)6468 of 2017, WP(C)10637 of 2018, WP(C)37453 of 2018(F), WP(C)7493 of 2019(J), WP(C)11725 of 2019(M), WP(C)12720 of 2019(L) ഒരുമിച്ച് പരിഗണിച്ച് തീർപ്പാക്കി 15.11.2019 ൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. സ്വകാര്യ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ പരാതി തള്ളിക്കളയുകയും കേസിന്മേലുള്ള ജഡ്ജ്മെന്റ് പേജ് നം. 17, 18 ഖണ്ഡിക 8 ൽ ഗവൺമെന്റ് ഉടമസ്ഥതയിലല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങൾ വസ്തു നികുതി ഒടുക്കുവാൻ ബാധ്യസ്ഥമാണെന്ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. സമാനമായ വിഷയത്തിൽ പീരുമേട് ഗ്രാമപഞ്ചായത്തും മരിയൻ കോളേജും തമ്മിലുള്ള കേസിൽ (WP(C)6623/2018) പഞ്ചായത്ത് വക്കാലത്ത് ഏൽപ്പിച്ചിട്ടുള്ള അഡ്വക്കേറ്റ് യഥാസമയം കേസിൽ ഹാജരാവുകയോ പഞ്ചായത്തിന്റെ ഭാഗം കോടതിയിൽ അവതരിപ്പിക്കുകയോ പൊതുവായ കേസിൽ കക്ഷി ചേരുന്നതിനോ നടപടി സ്വീകരിച്ചില്ല. അതിനാൽ മേൽപ്പറഞ്ഞ ജഡ്ജ്മെന്റ് പഞ്ചായത്തിന് ബാധകമല്ലാതായി തീരുകയും സ്റ്റേ നിലനിൽക്കുന്നതിനാൽ 2013-14 മുതലുള്ള വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാത്ത

അവസ്ഥയിലാണ്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ലക്ഷങ്ങളുടെ കുറവാണ് ഇതിനാൽ സംഭവിച്ചിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി.25.2.2020) കേസിൽ പഞ്ചായത്തിന്റെ അഡ്വക്കേറ്റിനെ മാറ്റാൻ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. കേസിൽ നില നിൽക്കുന്ന സ്റ്റേ ഉത്തരവ് നീക്കുന്നതിനും സമാന കേസിന്റെ വിധി പഞ്ചായത്തിനും ബാധകമാക്കുന്നതിനാവശ്യമായ സത്വര നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-14 സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ഓരോ കെട്ടിടങ്ങളുടേയും വസ്തു നികുതി നിരക്ക് നിശ്ചയിച്ച് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസൃതായി സഞ്ചയയിൽ തെറ്റായി ഡേറ്റ എൻട്രി ചെയ്തതുമൂലം വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നതിൽ കുറവ് സംഭവിച്ചിരിക്കുന്നു.

| വാർഡ്, കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി ₹ | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി ₹ | അടിസ്ഥാന വസ്തുനികുതിയിലെ കുറവ് ₹ |
|---|---|---|---|---|
| XVI/91 | ഹോംസ്റ്റേ, 182 ച.മീ. | 7280/-(182x40) | 1092/-(182x6) | 6188/- |
| XVI/241F | റിസോർട്ട്, 52 ച.മീ | 4680/-(52x90) | 312/-(52x6) | 4368/- |
| XII/52 | ഹോംസ്റ്റേ, 114 ച.മീ. | 4560/-(114x40) | 3420/-(114x30) | 1140/- |
| I/285, 286 | റിസോർട്ട്, 112.5ച.മീ. | 10125/-(112.5x90) | 4500/-(112.5x40) | 5625/- |
| XVI/326,327,328,329 | ഹോംസ്റ്റേ, 200 ച.മീ. | 8000/-(200x40) | 6000/-(200x30) | 2000/- |

കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് സഞ്ചയയിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക മുൻകാല പ്രാബല്യത്തോടെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-15 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല- കുടിശ്ശിക ലക്ഷങ്ങൾ - സഞ്ചയ-സാംഖ്യ പൂരിഫിക്കേഷനിൽ അപാകത നിലനിൽക്കുന്നു

പഞ്ചായത്തിലെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. വസ്തുനികുതിയിനത്തിൽ ലക്ഷങ്ങൾ പിരിച്ചെടുക്കാനവശേഷിക്കുന്നു. സഞ്ചയയിലെയും സാംഖ്യയിലേയും വസ്തുനികുതി (കുടിശിക & തൻവർഷം) ഡി.സി.ബി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

**വസ്തുനികതി (കുടിശിക)**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സാഖ്യ പ്രകാരം | 4320527 | 3308410 | 1012117 |
| സഞ്ജയ പ്രകാരം | 4535259 | 3438881 | 1054894 |

**വസ്തുനികതി (തൻവർഷം)**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സാഖ്യ പ്രകാരം | 2892182 | 1677772 | 2157382 |
| സഞ്ചയ പ്രകാരം | 4718901 | 1835779 | 2951955 |

വസ്തുനികുതി ഇനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതിനാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ-സാംഖ്യ പ്യൂരിഫിക്കേഷനിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-16 വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

തൻ വർഷത്തെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ, ലൈബ്രറി രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. . ട്രേഡേഴ്സ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പെർമിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല, കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

3 വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. പണി പൂർത്തിയാക്കിയ പല കെട്ടിടങ്ങളുടെയും കെട്ടിട നമ്പർ(കോളം 20), വിസ്തീർണ്ണം(കോളം.6), ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നമ്പർ, തീയതി(കോളം 8) തുടങ്ങിയ വിശദാംശങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. നൽകിയ പെർമിറ്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല(കോളം 21). തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി.2/15 ത.സ്വ.ഭ.വ പ്രകാരം പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണ സമയത്ത് രാജിയാക്കൽ ഫീസ് (പെർമിറ്റ് ഫീസിന്റെ ഇരട്ടി) കൂടാതെ പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് എടുക്കാതെ ക്രമവൽക്കരിച്ച കെട്ടിടങ്ങളിൽ നിന്നും 2 ഇരട്ടി ഫീസ് മാത്രമാണ് ഈടാക്കിയത്. (ഉദാ:-ഫയൽ നം.A2-2289/23.05.19, A2-2863/28.06.19, A2-5588/19/ 30.11.19) കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 പണി കഴിച്ച കടമുറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല-വാടക നഷ്ടപ്പെടുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പീരുമേട് ടൗണിൽ ലക്ഷങ്ങൾ ചെലവഴിച്ച് പണി കഴിപ്പിച്ചിട്ടുള്ള 4 കടമുറികൾ വയറിംഗ്, വൈദ്യുതി, പ്ലംബിംഗ് എന്നിവയുടെ അഭാവത്താൽ വാടകയ്ക്ക് നൽകാനാവാത്ത സ്ഥിതിയാണുള്ളത്. കൂടാതെ പാമ്പനാർ മാർക്കറ്റ് വോളിബോൾ സ്റ്റേഡിയത്തിന് അനുബന്ധമായി പണി കഴിപ്പിച്ച 4 കടമുറികളും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ വാടകയ്ക്ക് നൽകാനാവാതെ നിഷ്ക്രിയാവസ്ഥയിലാണ്. ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടും അടിസ്ഥാന സൗകര്യം ഒരുക്കാത്തതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വൻ തുക നഷ്ടമാകുന്നു. മതിയായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി കെട്ടിടം ലേലത്തിൽ നൽകി വരുമാനദായകമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 അനധികൃത കെട്ടിടങ്ങൾ യഥേഷ്ടം പ്രവർത്തിക്കുന്നു

കുട്ടിക്കാനത്തുള്ള മരിയൻ കോളേജ് ക്യാമ്പസിൽ നിരവധി കെട്ടിട സമുച്ചയങ്ങളുണ്ടെങ്കിലും 3 കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.(XVI/98, XVI/99, XVI/100 എന്നീ 3 കെട്ടിടങ്ങൾക്കും കൂടി ഡിമാന്റ് 1.91 ലക്ഷം രൂപയാണ്).പെർമിറ്റ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന മറ്റ് കെട്ടിടങ്ങളെ കണ്ടെത്തി നിയമലംഘനമില്ലായെങ്കിൽ ക്രമവൽക്കരിച്ച് അസ്സസ്സ്മെന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. കൂടാതെ എസ്.എൻ.ജി. കോളജ് ഓഫ് അഡ്വാൻസഡ് സ്റ്റഡീസ്, പാമ്പനാർ എന്ന സ്ഥാപനത്തിന്റെ ക്യാമ്പസിലും നിരവധി കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയിക്കാതെ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളുടെ കാമ്പസിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ച് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ് . ഇത്തരം സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നികുതി ഈടാക്കാൻ സാധിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

2017-18വർഷ റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശമുണ്ടായിട്ടും നാളിതുവരെ നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്.

### 1-20 പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതി-അധിക നിരക്ക് നല്കി

9-ാം വാർഡ് പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതിയിൽ ജി.ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന് എം.ബുക്ക് പ്രകാരം ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾ നേരിട്ട് പരിശോധിച്ചപ്പോൾ ട്രെഞ്ചിംഗ് നടത്താതെയാണ് പൈപ്പുകൾ ഇട്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്കിൽ നിന്നും ട്രെഞ്ചിംഗിനുള്ള പണിക്കൂലി ഒഴിവാക്കിവേണം

മരാമത്ത് ബിൽ തയ്യാറാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതെ ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്ക് കരാറുകാരന് അനുവദിച്ചത് മൂലം ഈ ഇനത്തിൽ ₹103761/- അധികമായി നൽകിയിരിക്കുന്നു. വിശദാംശങ്ങൾ **ഭാഗം 3ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.**(3-1)**

### 1-21 പദ്ധതി രൂപീകരണം-നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു

| | |
|---|---|
| പദ്ധതി | പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനും ചെലവ്(15/19) |
| അടങ്കൽ | ₹4,00,000/- |
| ബിൽ വിശദാംശങ്ങൾ | 39/18-19/29-12-2018 ₹147140/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

വാർഷിക പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവൃത്തികൾക്കുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയിൽ തൻവർഷത്തെ പ്രിന്റിംഗ് ജോലികളും ഉൾപ്പെടുത്തിയിരുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ തുടങ്ങിയവയാണ് പ്രിന്റ് ചെയ്തത്. സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബില്ലുകളിൽ (No.302,308/തീ. 29-08-2018) സൂചിപ്പിക്കുന്ന രേഖകൾ ഭൗതികമായി പരിശോധിച്ചപ്പോൾ നിർവ്വഹിക്കാത്ത ഇനങ്ങൾക്ക് തുക ₹37037/-അനുവദിച്ച് നല്കിയതായി കണ്ടെത്തി.ഇത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയുടെ വീഴ്ചയാണ്. വിശദാംശങ്ങൾ **ഖണ്ഡിക 3-2-ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-22 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് -₹3218162/-യുടെ ചെലവ് തടസ്സം

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ പദ്ധതി ഫയലുകൾ ഓഡിറ്റിന്റെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതും ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വിസിഷൻ, ഓഡിറ്റ് എൻക്വയറി (നം.8/25.02.2020)എന്നിവ നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഫയലുകൾ

ഹാജരാക്കാത്തതിനാൽ ബിൽബുക്ക് പ്രകാരം തൻവർഷം ചെലവഴിച്ച തുക ₹3218162/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ബിൽ നമ്പർ,തീയതി | പിൻവലിച്ച തുക | പദ്ധതി നം./പദ്ധതിയുടെ പേര് |
|---|---|---|
| 01/18-19/ 16-05-2018 | 447390 | 178/ എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| 02/18-19/ 16-05-2018 | 42223 | 180/എസ്.സി.നേഴ്സറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം പഠനോപകരണങ്ങൾ വിതരണം |
| 03/18-19/ 21-06-2018 | 50000 | 181/എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 06/18-19/ 17-07-2018 | 51900 | 51/എസ്.സി.നേഴ്സറി സ്കൂൾ കുട്ടികൾക്ക് ഭക്ഷണം, പഠനോപകരണം |
| 07/18-19/ 17-07-2018 | 22361 | ലഭ്യമല്ല |
| 08/18-19/ 21-07-2018 | 7200 | 180/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം, പഠനോപകരണം വിതരണം |
| 09/18-19/ 22-07-2018 | 324375 | 179/എസ്.സി.കട്ടിൽ വിതരണം |

| | | |
|---|---|---|
| | | |
| 10/18-19/ 31-07-2018 | 1400000 | 8/പി.എം.എ.വൈ-പഞ്ചായത്ത് വിഹിതം(എസ്.സി) |
| 11/18-19/ 31-07-2018 | 5000 | 180/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 12/18-19/ 31-07-2018 | 14395 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 13/18-19/ 31-08-2018 | 9225 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 14/18-19/ 15-09-2018 | 22800 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 16/18-19/ 17-10-2018 | 18628 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 17/18-19/ 03-11-2018 | 8000 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 18/18-19/ 29-11-2018 | 14619 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 20/18-19/ 11-01-2019 | 108125 | 182/പ്ലാക്കത്തടം എസ്.റ്റി.കോളനി-കട്ടിൽ വിതരണം |
| 23/18-19/ 29-01-2019 | 50645 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| 24/18-19/ | 302750 | 179/എസ്.സി.കട്ടിൽ വിതരണം |

| | | |
|---|---|---|
| 27-02-2019 | | |
| 25/18-19/ 11-03-2019 | 302750 | 179/എസ്.സി.കട്ടിൽ വിതരണം |
| 26/18-19/<br>12-03-2019 | 15776 | 51/എസ്.സി.നഴ്സറി കുട്ടികൾക്ക് ഭക്ഷണം,പഠനോപകരണം |
| **ആകെ₹** | **32,18,162** | |

ഇതുസംബന്ധിച്ച് നൽകിയ മറുപടിയിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി ഓഫീസ് സംവിധാനം പുന:ക്രമീകരിച്ചപ്പോൾ ഫയലുകൾ യഥാസ്ഥാനത്ത് അല്ലാത്തതിനാൽ അവ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കിക്കൊള്ളാമെന്ന് രേഖാമൂലം അറിയിച്ചിരിക്കുന്നു. ഫയലുകൾ അടിയന്തിരമായി ഹാജരാക്കാത്തപക്ഷം ഫയലുകൾ നിലവിലില്ല എന്ന നിഗമനത്തിൽ നഷ്ടോത്തരവാദിക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-23 മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വളം വിതരണം നടത്തി- ചെലവ് തടസ്സം ₹1292218/-

| | | |
|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | |
| പദ്ധതി നം | 30/2019 | |
| പദ്ധതി | സംയോജിത കാർഷിക വികസനം (പൊതു വിഭാഗം) | |
| അടങ്കൽ | ₹1800000/- (വികസന ഫണ്ട്)<br>₹238500/- (ഗുണഭോക്തൃ വിഹിതം) | |
| ബിൽ നം | 1/2018-19 തീ:29.11.2018 | ₹852455 |
| | 3/2018-19 തീ:22.12.2018 | ₹146978 |
| | 4/2018-19 തീ:11.03.2019 | ₹202136 |

| | | |
|---|---|---|
| | 18/2018-19 തീ:26.03.2019 | ₹90649 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ജൈവവളത്തിന് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ്. താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിയതിന് ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്.

| സ്ഥാപനം | വേപ്പിൻ പിണ്ണാക്ക് ₹ | ലൈം ₹ |
|---|---|---|
| പി.എം.സി.എസ്, ആനവിലാസം | 25.48 | 15.20 |
| പി.എം.സി.എസ്, ചെളിമട | 26.25 | 14.50 |
| | 27.00 | 13.80 |
| | 26.75 | |
| | 22.50 | |
| | 25.00 | |

**<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>**

1) വിവിധ നിരക്കിലുള്ള വളമാണ് ഗുണഭോക്താക്കൾ നേരിട്ട് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിരിക്കുന്നത്.

സഹകരണ സംഘങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം മാത്രമേ അത്തരം സ്ഥാപനങ്ങളിൽ നിന്നും കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കർഷകർ വളം നേരിട്ട് വാങ്ങാവൂ എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(സാധാ) 22/2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1-1,2പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു. മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളല്ല.

2) സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി വഴിയുള്ള ലോക്കൽ പർച്ചേസ് നടത്തിയിട്ടില്ല.

3) വിതരണം ചെയ്ത/വാങ്ങിയ ജൈവവളത്തിന്റെ ഗുണമേൻമ പരിശോധിച്ചിട്ടില്ല.

4) ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ നിശ്ചയിട്ടില്ല.

മാനദണ്ഡങ്ങൾ പാലിക്കാതെ ഇത്തരത്തിൽ ജൈവ വളം വാങ്ങിയ നടപടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ ഈ ഇനത്തിൽ ചെലവായ തുക ₹1292218/-ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സം ₹1200000/-

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം &പദ്ധതി | 07/2019 പി.എം.എ.വൈ വിഹിതം അടയ്ക്കൽ |
| ബിൽനം തീയതി | 14/2018-19 തീയതി 31.07.2018 |
| തുക | ₹1200000 |

പി.എം.എ.വൈ (പൊതുവിഭാഗം) പദ്ധതിയുടെ പഞ്ചായത്ത് വിഹിതമായി ₹12,00,000/- അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ 67055779142 നമ്പരായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹12,00,000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-25 വിവിധ തൈ വിതരണ പദ്ധതികൾ- അപാകതകൾ-ചെലവ് തടസ്സം ₹550000/-

| | | |
|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | |
| പദ്ധതി നം | 34/2019 | 36/2019 |
| പദ്ധതി | ജൈവകൃഷി പ്രോത്സാഹനം-വനിത (പൊതു വിഭാഗം) | ജൈവകൃഷി പ്രോത്സാഹനം-വനിത (എസ്.സി.പി) |
| അടങ്കൽ | ₹350000/- (വികസന ഫണ്ട്) | ₹200000/- (എസ്.സി.പി) |
| ബിൽ നം | 10/2018-19തീ:18.03.2019 ₹336000 | 11/2018-19തീ:18.03.2019 ₹192000 |
| | 14/2018-19തീ:18.03.2019 ₹14000 | 15/2018-19തീ:19.03.2019 ₹8000 |

ഗ്രാമപഞ്ചായത്തിലെ വനിതാകർഷകർക്ക് പച്ചക്കറി തൈകൾ വാങ്ങി വിതരണം നടത്തുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ്. വണ്ടിപ്പെരിയാർ സ്റ്റേറ്റ് കൃഷി ഫാമിൽ നിന്നും താഴെ പരാമർശിക്കുന്ന പ്രകാരം

പച്ചക്കറി തൈകകൾ വാങ്ങിയതായി സ്ഥാപനം നൽകിയ ബിൽ പ്രകാരം കാണുന്നു.

| ക്രമ നം | പദ്ധതി | സ്ഥാപനം സമർപ്പിച്ച ബിൽ നം. & തീയതി | വാങ്ങിയ സാധനങ്ങളുടെ എണ്ണം | വില ₹ | ചുമട്ട് കൂലി ₹ |
|---|---|---|---|---|---|
| 1 | 34/2019 ജൈവകൃഷി പ്രോത്സാഹനം- വനിത (പൊതു വിഭാഗം) | 077 -എസ്.വി.എഫ്-പി.ആർ.ഒ 75/18 തീ:21.12.2018 | 112000 | 336000 | 14000 |
| 2 | 36/2019 ജൈവകൃഷി പ്രോത്സാഹനം- വനിത (എസ്.സി.പി) | 078 -എസ്.വി.എഫ്-പി.ആർ.ഒ. 76/18 തീ:21.12.2018 | 64000 | 192000 | 8000 |
| | | | ആകെ | 528000 | 22000 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) ഏതൊക്കെ ഇനത്തിലുള്ള പച്ചക്കറി തൈകൾ ആണ് വാങ്ങിയത് എന്നതിന്റെ വിവരം ലഭ്യമല്ല.

2) വാങ്ങിയ തൈകൾ വിതരണം നടത്തിയതിന്റെ ഫയലുകൾ, രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3) ചുമട്ട് കൂലി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ചുമട് നടത്തിയ വ്യക്തികളുടെ വിവരമോ കൈപ്പറ്റ് രസീതുകളോ ഫയലിൽ ലഭ്യമല്ല.

പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിനായി ചെലവഴിച്ച തുക ₹5,50,000/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ-നടത്തിപ്പിലെ അപാകതകൾ- ചെലവ് തടസ്സം ₹99900/-

| | |
|---|---|
| പദ്ധതി | അംഗീകൃത യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ(49/19) |
| അടങ്കൽ | ₹136000/- |
| ബിൽ വിശദാംശങ്ങൾ | 53/18-19/11-03-2019, ₹99900/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| | |

അംഗീകൃത യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകാനായി വിഭാവനം ചെയ്ത ഈ പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്യുവാൻ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. വിതരണം ചെയ്യുന്ന ഒരു കിറ്റിൽ ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെട്ട ഇനങ്ങൾ ക്രിക്കറ്റ് ബാറ്റ്, വോളിബോൾ, നെറ്റ് എന്നിവ ഓരോന്ന് വീതവും ക്രിക്കറ്റ് പാഡ്, ഗ്ലൗസ് എന്നിവ ഒരു ജോടി വീതവും, രണ്ട് ഷട്ടിൽ ബാറ്റ് എന്നിവയുമാണ്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | രണ്ട് സ്ഥാപനങ്ങളും കിറ്റൊന്നിന് വ്യത്യസ്ഥ നിരക്കുകളാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. |
| 2 | കുറഞ്ഞ് നിരക്ക് ക്വോട്ട് ചെയ്ത പത്തനംതിട്ടയിലുള്ള തമ്പുരാൻകാലായിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ മറികടന്ന് വണ്ടിപ്പെരിയാറിലുള്ള ക്യാപ്റ്റൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് കിറ്റുകൾ വാങ്ങിയിരിക്കുന്നു. അതുതന്നെ, പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്ത നാല് നിരക്കുകളിൽ കുറഞ്ഞ രണ്ട് നിരക്കുകളെ മറികടന്ന് മൂന്നാമത്തെ നിരക്കിൽ വാങ്ങാൻ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 19-07-2018- ലെ 2(11) നമ്പർ തീരുമാന പ്രകാരം അനുമതി നല്കിയിരിക്കുന്നു. ഇനിയൊരു ടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കാൻ കാലതാമസം വരുമെന്ന കാരണത്താൽ ക്യാപ്റ്റൻ ട്രേഡേഴ്സിന്റെ ടെണ്ടർ കമ്മറ്റി അംഗീകരിച്ചത് ശരിയായ നടപടിയല്ല. പ്രസ്തുത സ്ഥാപനത്തിന്റെ കുറഞ്ഞ രണ്ട് നിരക്കുകളെ മറികടന്ന് കൂടിയ നിരക്കിലുള്ള കിറ്റുകൾ വാങ്ങാൻ അനുമതി നല്കിയതിന്റെ കാരണം പഞ്ചായത്ത് കമ്മറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള തീരുമാനങ്ങൾക്ക് നിയമപ്രകാരം സാധുതയില്ലായെന്ന് ചൂണ്ടിക്കാണിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. |
| 3 | സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ ഫയലില്ല. |
| 4 | ഇരുപത് കിറ്റുകൾക്ക് വേണ്ടിയുള്ള തുക (4995x20=99900) നല്കിയെങ്കിലും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളില്ല. |
| 5 | ആവശ്യപ്പെട്ടവയിൽ പാഡ്, ഗ്ലൗസ്, ഒരു ഷട്ടിൽ ബാറ്റ് എന്നിവ ഒഴിവാക്കി പകരം ക്യാരംസ് ബോർഡും കൊയിനും , ക്രിക്കറ്റ് ബോൾ, ഷട്ടിൽ കോക്ക് എന്നിവ കൈപ്പറ്റിയതായി ഏതാനും കൈപ്പറ്റ് രസീതുകൾ ഫയലിൽ കാണുന്നു. ഇപ്രകാരം ടെണ്ടറിൽ നിന്ന് വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.16) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ ഈയിനത്തിലുള്ള ചെലവ് ₹99900/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 കുരുമുളക് തൈ വിതരണം-ചുമട്ട് കൂലി- നൽകിയ രേഖ ഹാജരാക്കിയില്ല-ചെലവ് തടസ്സം ₹14080/-

| | | |
|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | |
| പദ്ധതി നം | 36/2019 | 37/2019 |
| പദ്ധതി | കുരുമുളക് തൈ വിതരണം (പൊതു വിഭാഗം) | കുരുമുളക് തൈ വിതരണം (എസ്.സി.പി) |
| അടങ്കൽ | ₹400000/- (വികസന ഫണ്ട്) | ₹150000/- (എസ്.സി.പി) |
| ബിൽ നം | 16/2018-19 തീ:14.03.2019 ₹8400/- | 17/2018-19 തീ:14.03.2019 ₹5680 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് കുരുമുളക് തൈ വാങ്ങി വിതരണം നടത്തുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ്. വണ്ടിപ്പെരിയാർ സ്റ്റേറ്റ് കൃഷി ഫാമിൽ നിന്നും കുരുമുളക് തൈ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ചുമട്ട് കൂലിയായി താഴെ പരാവർശിക്കും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതി | ചുമട്ട് കൂലി ₹ |
|---|---|---|
| 1 | 36/2019 കുരുമുളക് തൈ വിതരണം (പൊതു വിഭാഗം) | 8400 |
| 2 | 37/2019 കുരുമുളക് തൈ വിതരണം (എസ്.സി.പി ) | 5680 |
| | **ആകെ** | **14080** |

ചുമട്ട് കൂലി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ചുമട് നടത്തിയ വ്യക്തികളുടെ വിവരമോ വൗച്ചറുകളോ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ₹14080/- യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-28 ചെലവ് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പദ്ധതി | ഹരിത കേരളം മാലിന്യ നിർമ്മാർജനം അനുബന്ധ ചെലവ് (314/19) | |
| അടങ്കൽ | ₹500000/- | |
| ബിൽ വിശദാംശങ്ങൾ | 270/18-19/27-02-2019<br>300/18-19/13-03-2019 | ₹64000/-<br>₹60000/- |

| | | |
|---|---|---|
| | 339/18-19/27-03-2019 | ₹52000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പീരുമേട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് വേണ്ടിയുള്ള വാഹന വാടക നല്കുക എന്നതാണ് ഹരിത കേരളം മാലിന്യ നിർമ്മാർജനം അനുബന്ധ ചെലവ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലോറി ഉപയോഗിച്ചാണ് മാലിന്യം നീക്കം ചെയ്തിരുന്നത്. അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത വാഹനം മാറ്റിയതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുത്തതായി പ്രാഥമിക രേഖകളിൽ നിന്ന് വ്യക്തമാകുന്നു. പദ്ധതി നടത്തിപ്പിന്റെ ഫയലിൽ മേൽ സൂചിത ബില്ലുകളുടെ പകർപ്പുകൾ മാത്രമല്ലാതെ യാതൊരു രേഖകളുമില്ല. ആയതിനാൽ ഈയിനത്തിലുള്ള ₹176000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-29 വനിതാ ഉല്പന്ന വിപണന കേന്ദ്രം-കെട്ടിടം നിർമ്മാണം മാത്രമായി അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.,പേര് | 114/19-വാർഡ് 13-വനിതാ ഉല്പന്ന വിപണന കേന്ദ്രം |
| അടങ്കൽ | ₹1000000/- |
| എം ബുക്ക് നം | 97/18 |
| ബിൽ നം-തുക | 65/15/2/18-438679, 119/28/03/19-532724(ക്യൂ ബിൽ) |
| കോൺട്രാക്ടർ | ശ്രീ റോബിൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ 2018-19 വർഷം ₹971403/- വനിതാ ഉല്പന്ന വിപണന കേന്ദ്രം നിർമ്മിക്കുന്നതിനായി ചെലവഴിച്ചു. മുൻ വർഷങ്ങളിലും പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. രണ്ട് നിലകളിലായി ഒരു കെട്ടിടം നിർമ്മിക്കുക മാത്രമാണ് ഇവിടെ ചെയ്തിരിക്കുന്നത്. കെട്ടിടത്തിന്റെ വയറിംഗ്, പ്ലംബിംഗ് പ്രവൃത്തികൾ നടത്തിയിട്ടില്ല. വനിതാ ഉല്പന്ന വിപണന കേന്ദ്രങ്ങൾ വെറും കെട്ടിട നിർമ്മാണം മാത്രമായി അവശേഷിക്കുന്നത് അനഭിലഷണീയമാണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതികളുടെ വിജയസാധ്യതകൾ ഉറപ്പാക്കേണ്ടതും വിശദമായ ചർച്ചകൾ നടത്തേണ്ടതുമാണ്. പദ്ധതിയുടെ അളവ് പുസ്തകത്തിൽ ശിലാഫലകം സ്ഥാപിച്ചതായി രേഖപ്പെടുത്തി ₹2500/- കരാറുകാരന് നല്കിയിട്ടുണ്ടെങ്കിലും ശിലാഫലകം സ്ഥാപിച്ചിട്ടില്ല. ഈയിനത്തിൽ അധികമായി നല്കിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

### 1-30 വയോജന വിശ്രമ കേന്ദ്രം -പ്രയോജനരഹിതം

| | |
|---|---|
| പ്രോജക്ട് നം, പേര് | 187/19- പീരുമേട് ടൗണിൽ വൃദ്ധസദനം, |

| | |
|---|---|
| | വയോജന വിശ്രമ കേന്ദ്രം കെട്ടിട നിർമ്മാണം |
| അടങ്കൽ | ₹1200000/- |
| ബിൽ നം,തുക | 51/8/11/18-599678,4/16/05/18-526608 |
| എം ബുക്ക് നം | 470/18 |

2017-18ൽ ₹1000000/-യും 2018-19-ൽ ₹1200000/-യും വകയിരുത്തി നിർമ്മിച്ച കെട്ടിടമാണ് പീരുമേട് ടൗണിലെ വൃദ്ധസദനം/വയോജന വിശ്രമ കേന്ദ്രം. രണ്ട് നിലകളിലായി പണി കഴിപ്പിച്ച കെട്ടിടത്തിന്റെ താഴത്തെ നിലയിൽ രണ്ട് മുറികളും മുകളിലത്തെ നിലയിൽ മൂന്ന് മുറികളുമാണുള്ളത്. മുകളിലത്തെ നിലയിൽ ഒരു മുറിയിൽ അംഗൻവാടി പ്രവർത്തിക്കുന്നു. കെട്ടിടത്തിന്റെ വയറിംഗ്, പ്ലംബിംഗ് ജോലികൾക്ക് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ തന്നെ 22 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഇപ്പോൾ പ്രവർത്തനക്ഷമമല്ല.പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവിശ്യമായ തുക വകയിരുത്താത്തതുമൂലം പല കെട്ടിടനിർമ്മാണങ്ങളും ഇപ്രകാരം പാതിവഴിയിലാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തുക വകയിരുത്തുകയും പൊതുപ്പണം പാഴാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-31 ശബരിമല അടിസ്ഥാന സൗകര്യമൊരുക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ- എസ് 0304/19

അടങ്കൽ-₹700000/-

2018-19 ലെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി പീരുമേട് ഗ്രാമപഞ്ചായത്തിന് ജി.ഒ(പി) നമ്പർ 2615/2018/തീയതി 11-10-2018 പ്രകാരം 5 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിൽനിന്നും വിഭിന്നമായി തുക ചെലവഴിച്ചതായി കാണുന്നു. ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ചെലവിനം | ചെലവഴിച്ച തുക ₹ |
|---|---|
| പത്രപരസ്യം | 7497 |
| ക്ളീനിംഗ് ചാർജ്ജ്-കാട്ടുവെട്ടൽ | 170400 |
| വെയിറ്റിംഗ് ഷെഡ് | 68250 |

| | |
|---|---|
| സൈൻബോർഡ് സ്ഥാപിക്കൽ | 78900 |
| ബാനർ | 4435 |
| ലൈറ്റ് ആന്റ് സൗണ്ട് | 21500 |
| ശൗചാലയം നിർമ്മാണം | 100955 |
| വാഹനവാടക | 12920 |
| ഭക്ഷണചെലവ് | 36370 |
| അനൗൺസ് മെന്റ് | 1800 |
| കുടിവെള്ളം | 33800 |
| തിരിച്ചറിയൽ കാർഡ് | 2242 |
| **ആകെ ₹** | **539069** |

പ്രോജക്റ്റ് പ്രകാരം ചെലവഴിക്കാവുന്ന തുക

| ചെലവിനം | ചെലവഴിക്കാവുന്ന തുക ₹ | ചെലവഴിച്ച തുക ₹ |
|---|---|---|
| വിശ്രമകേന്ദ്രം | 300000 | 68250 |
| ദിശാബോർഡുകൾ | 50000 | 78900 |
| ശൗചാലയം നിർമ്മാണം | 80000 | 100955 |
| കുടിവെള്ളം | 120000 | 33800 |
| ക്ളീനിംഗ് ചാർജ്ജ്-കാട്ടുവെട്ടൽ | 150000 | 170400 |
| അടങ്കൽ | 700000 | |
| **ചെലവിനം /അധികം ചെലവഴിച്ച തുക** | | |
| വാഹനവാടക | ₹ | 12920 |
| ബാനർ | ₹ | 4435 |
| ലൈറ്റ് ആന്റ് സൗണ്ട് | ₹ | 21500 |
| ഭക്ഷണചെലവ് | ₹ | 36370 |
| അനൗൺസ് മെന്റ് | ₹ | 1800 |
| പത്രപരസ്യം | ₹ | 7497 |
| തിരിച്ചറിയൽ കാർഡ് | ₹ | 2242 |

| | | |
|---|---|---|
| | ആകെ ₹ | 539069 |

**<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>**

1. 5 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി ലഭിച്ചപ്പോൾ തനത് ഫണ്ടിൽനിന്നും ₹700000/-യുടെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നു.

2. ശൗചാലയം നിർമ്മാണം, ദിശാബോർഡുകൾ എന്നിവയിൽ അടങ്കലിനേക്കാൾ തുക ചെലവഴിച്ചിരിക്കുന്നു.

3. വിശ്രമകേന്ദ്രം സ്ഥാപിക്കലിനു പകരം ഹൈവേ റോഡിലുള്ള വെയിറ്റിംഗ് ഷെഡുകൾ പെയിന്റിംഗിനും ക്ലീനിംഗിനുമായി തുക ചെലവഴിച്ചിരിക്കുന്നു.

4. സൈൻബോർഡ് സ്ഥാപിക്കലിന് ക്വട്ടേഷൻ വിളിച്ച് സ്ഥാപിക്കുന്നതിന് പകരം നേരിട്ട് ചെയ്തതിനാൽ വാഹനവാടക ,കൂലിച്ചെലവ് എന്നിവ നൽകേണ്ടിവന്നിരിക്കുന്നു.

5. സൈൻബോർഡ് സ്ഥാപിക്കേണ്ടത്, സ്ഥാപിച്ചത് എവിടെയൊക്കെയാണെന്ന് മുൻകൂട്ടി തീരുമാനിച്ചിരുന്നില്ല. സ്ഥാപിക്കുന്ന സൈൻബോർഡിന്റെ വലിപ്പം, മെറ്റീരിയലിന്റെ ഗുണനിലവാരം മറ്റ് വിശദാംശങ്ങൾ എന്നിവ വ്യക്തമല്ല.

6. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പത്രപരസ്യം നൽകിയെങ്കിലും അറ്റകുറ്റപ്പണി നടത്തിയതായി കാണുന്നില്ല.

7. ചെയ്യേണ്ട ജോലികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ,ചെയ്ത പ്രവൃത്തികൾക്ക് അളവ് എടുത്ത് എംബുക്ക് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

8. ക്ലീനിംഗുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി കളക്ടേറ്റിൽ നിന്നുമുള്ള ഫിനാൻസ് ഡിപ്പാർട്ടുമെന്റ് എന്നിവർ നടത്തിയ പരിശോധന ഫലമായി അധികം പിൻവലിച്ച ₹14400/-തിരിച്ചടച്ചതായി കാണുന്നു.

9. മുൻവർഷങ്ങളിൽ സൈൻബോർഡ് സ്ഥാപിക്കലുകൾ ഉണ്ടായിരിക്കെ പുതിയ ബോർഡുകൾ സ്ഥാപിക്കേണ്ട ആവശ്യം വ്യക്തമല്ല.

10. പ്രോജക്ട് റിപ്പോർട്ടിൽ ചെലവനുവാദം ഇല്ലാത്ത വാഹനവാടക,ബാനർ,ലൈറ്റ് ആന്റ് സൗണ്ട്, ഭക്ഷണചെലവ്, അനൗൺസ്മെന്റ്, പത്രപരസ്യം, തിരിച്ചറിയൽ കാർഡ് എന്നിവയ്ക്ക് തുക ചെലവഴിച്ചിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശബരിമല മണ്ഡലകാല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി പൊതുയോഗ

തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരവും പരസ്യം ചെയ്തും ക്വട്ടേഷൻ ക്ഷണിച്ചും കമ്മറ്റിയുടെ അംഗീകാരത്തോടുകൂടിയും പ്രസിഡന്റിന്റെ അനുമതി വാങ്ങിയും ചില പ്രവൃത്തികൾ അടിയന്തിര സാഹചര്യത്തിൽ നേരിട്ടും ഭരണസമിതി അംഗങ്ങൾ മുഖാന്തിരവും ഉത്തമവിശ്വാസത്തിലും തീർത്ഥാടകർക്ക് പരമാവധി സൗകര്യം കിട്ടണമെന്ന ഉദ്ദേശത്തോടുകൂടിയും മാത്രമാണ് ഏറ്റെടുത്തുനടത്തിയതെന്നും മനപൂർവ്വമല്ലാത്ത വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന അഭ്യർത്ഥന പരിഗണിച്ച് ഭാവിയിൽ വീഴ്ചകൾ ഉണ്ടാകാതെ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ മുൻകൂട്ടികണ്ട് ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന നിർദ്ദേശത്തോടെയും മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് എടുത്ത് പ്രവൃത്തികൾ എം.ബുക്കിൽ രേഖപ്പെടുത്താൻ ചെയ്യാൻ ശ്രദ്ധിക്കണമെന്നും നിർദ്ദേശിക്കുന്നു.

### 1-32 മരാമത്ത് പ്രവൃത്തി- ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സേവനം തേടാതെ സെക്രട്ടറി നേരിട്ട് നടപ്പാക്കി

| | | |
|---|---|---|
| പദ്ധതി | മൃഗാശുപത്രിയ്ക്ക് ഇലക്ട്രിക്ക് മെയിന്റനൻസ് & പെയിന്റിംഗ്(305/19) | |
| അടങ്കൽ | ₹98000/- | |
| ബിൽ വിശദാംശങ്ങൾ | 362/18-19/29-03-2019<br>365/18-19/29-03-2019 | ₹49000/-<br>₹49000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഇലക്ട്രിക്കൽ മെയിന്റൻസ് നടത്തി മൃഗാശുപത്രി കെട്ടിടം പെയിന്റ് ചെയ്ത് സുരക്ഷിതമാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയുടെ ഇലക്ട്രിക്കൽ മെയിന്റൻസിനും പെയിന്റിംഗിനും വേണ്ടി വെവ്വേറെ സമർപ്പിച്ച മൂന്ന് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത രമേശ് ആർ., അനുരാഗ് ഇലക്ട്രിക്കൽസ് എന്നയാളുടെ ക്വൊട്ടേഷനുകൾ 26-02-2019-ലെ യഥാക്രമം 1(4),1(5) കമ്മറ്റി തീരുമാനങ്ങളിലൂടെ അംഗീകരിച്ചു. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

21-08-2015-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2878/2015 നമ്പർ സർക്കാർ ഉത്തരവിൽ, പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും എംബുക്ക് എഴുതി ബിൽ തയ്യാറാക്കി അനുവദിക്കുന്നതിനും PWD/KSEB എന്നിവിടങ്ങളിൽനിന്നും വിരമിച്ച യോഗ്യരായ തെരഞ്ഞെടുക്കപ്പെട്ട പാനലിൽ നിന്നുള്ള എഞ്ചിനീയർമാരെ നിയമിച്ചാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട്. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഇപ്രകാരമുള്ള എഞ്ചിനീയർമാരുണ്ടായിട്ടും അവരുടെ സേവനം ഉപയോഗപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എംബുക്ക് എഴുതുകയോ ചെയ്തിട്ടില്ല. അതുപോലെ പെയിന്റിംഗിന്റെ സംഗതിയിൽ, ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സേവനം തേടി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എംബുക്ക് എഴുതുകയോ ചെയ്തിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം നടത്താത്തതിനാൽ രണ്ട് പ്രവൃത്തികളുടെയും ഗുണമേന്മ ഉറപ്പ് വരുത്താനായിട്ടില്ല.

ചെയ്ത പ്രവൃത്തികൾക്ക് മാത്രമാണ് തുക അനുവദിച്ചത് എന്ന് ഉറപ്പാക്കാനാവുന്നത് സാങ്കേതിക ജ്ഞാനമുള്ള

ഉദ്യോഗസ്ഥന് മാത്രമാണ്. പൂർത്തിയാക്കിയ ഓരോ ഇനത്തിലും, ബന്ധപ്പെട്ട വിഭാഗത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണയം നടത്തി ആകെ പ്രവൃത്തിമൂല്യം കണക്കാക്കി ശുപാർശ ചെയ്താൽ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയ്ക്ക് തുക അനുവദിക്കാനാവുകയുള്ളൂ. ഇതൊന്നും ചെയ്യാതെ തുക അനുവദിച്ചത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ഈയിനത്തിലുള്ള ₹98000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-33 എസ്.എസ്.എ-വിശദാംശങ്ങളില്ലാത്ത വിനിയോഗ സാക്ഷ്യപത്രം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർ, ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം ആകെ ചെലവാകുന്ന തുക തുകയുടെ 40% തുകയായ ₹1800000/-പഞ്ചായത്ത് വിഹിതമായി അടവാക്കിയിട്ടുണ്ട്. ഏതിനങ്ങളിൽ എത്ര തുക ചെലവഴിച്ചുവെന്ന് സൂചിപ്പിക്കുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്. ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ വിനിയോഗങ്ങളുടെ കൃത്യത പരിശോധിക്കാനാവില്ല.ഇൻവോയിസിൽ സൂചിപ്പിക്കാത്ത ഇനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട ഇനങ്ങളിൽ അധിക തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പരിശോധിക്കപ്പെടേണ്ടതാണ്. ആവശ്യപ്പെട്ട എല്ലാ ഇനങ്ങൾക്കും, പ്രത്യേകിച്ച് സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, സ്കൂൾ മെയിന്റൻസ് ഗ്രാന്റ് തുടങ്ങിയ ഇനങ്ങൾക്ക് തുക ആനുപാതികമായി വിനിയോഗിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ(സ്കൂളുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ) ഉൾക്കൊള്ളിച്ചുകൊണ്ട് ഇൻവോയ്സ് തയ്യാറാക്കുന്നുവെന്നും തുകകൾ വിനിയോഗിച്ച സ്കൂളുകളുടെയും മറ്റും കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിൽ പരാമർശിച്ച എല്ലാ ഇനങ്ങൾക്കും ആനുപാതികമായി തുക ചെലവഴിച്ചുവെന്നും ഭരണസമിതി ക്രിയാത്മകമായ ഇടപെടൽ നടത്തി ഉറപ്പാക്കേണ്ടതാണ്.

### 1-34 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം,

എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-35 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കുടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-36 സി.എച്ച്.സി.-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല-

| | |
|---|---|
| പ്രോജക്ട് നം, പേര് | 5/19,പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹900000/- |
| ബിൽ നം/തീയതി | 12/18-19/തീ.23.03.2019, ₹280416/- |

പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച ₹280416/-ൽ നിന്ന് മരുന്ന് വാങ്ങാനായി ₹183100/- മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിരുന്നു.

ഇതിൽ ₹22888/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന ₹160212/-യുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-37 പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം-അപാകതകൾ.

1)KL 37 B 6369 നമ്പർ TATA ACE LMV GOODS CARRIAGE

മോഡൽ 01/2013 TATA ACE

ആകെ ഓടിയ ദൂരം -38836 കി.മീ.

പീരുമേട് പഞ്ചായത്തിന്റെ KL 37 B 6369 നമ്പർ TATA ACE വാഹനം 5-5-2018 തീയതിയിൽ പഞ്ചായത്ത് ഓഫീസ് കോംമ്പൗണ്ടിൽ വച്ച് വയറിംഗ് സ്പാർക്ക് ആയി തീ കത്തിയതുമൂലം ടി വാഹനത്തിന്റെ വയറിംഗ് പൂർണമായും കത്തിനശിക്കുകയും വാഹനം പ്രവർത്തനരഹിതമാവുകയും ചെയ്തതിനാൽ വാഹനം പരിശോധിച്ച വർക്ക്ഷോപ്പ് മെക്കാനിക്ക് വാഹനം റിപ്പയർ ചെയ്യുന്നതിന് ₹24800/- എസ്റ്റിമേറ്റ് എടുത്ത് നൽകുകയും തുടർന്ന് ആവശ്യമായ സാങ്കേതികാനുമതിക്ക് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ എഞ്ചിനിയറോട് അഭ്യർത്ഥിക്കുകയും ചെയ്തതായി കാണുന്നുണ്ട്. എന്നാൽ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും അനുമതി ലഭിച്ചതു സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വാഹനം റിപ്പയർ ചെയ്യുന്നതിനായി വർക്ക് ഷോപ്പിൽ ഇട്ടിരുന്ന കാലയളവിൽ വാഹനത്തിന്റെ എഞ്ചിനിൽ വെള്ളം കയറി നശിച്ചതിനെ തുടർന്ന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗം 06-09-2018 ൽ നടത്തിയ പരിശോധനയിൽ വാഹനം നന്നാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് അയച്ചുതരണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് നൽകിയതിന് രേഖകൾ ഇല്ല. വാഹനം നന്നാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതു പ്രകാരം ലഭിച്ച ക്വട്ടേഷനുകൾ പരിഗണിച്ച് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് പകരം വാഹനം ഉപയോഗരഹിതമാണെന്ന് കണ്ടെത്തി പുതിയ വാഹനം വാങ്ങിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് കമ്മറ്റിയുടെ 29-11-2018 ലെ 4(3) നമ്പർ തീരുമാനപ്രകാരം സ്വീകരിച്ചുവരുന്നു. ചെറിയ മുതൽ മുടക്കിൽ വാഹനം റിപ്പയർ ചെയ്ത് പ്രവർത്തമക്ഷമമാക്കാൻ കാര്യക്ഷമവും ശക്തവുമായ ഇടപെടലുകൾ നടത്താതെ കാലങ്ങളോളം വർക്ക് ഷോപ്പിൽ ഇട്ടതിന്റെ ഫലമായി എഞ്ചിനിൽ വെള്ളം കയറി നശിക്കുകയാണ് ഉണ്ടായത് . കേവലം 5 വർഷം മാത്രം കാലപ്പഴക്കവും 33836 കിലോമീറ്റർ മാത്രം ഓടുകയും ചെയ്ത വാഹനം യഥാസമയം റിപ്പെയർ ചെയ്യാതെ നശിക്കുന്നതിന് കാരണം ബന്ധപ്പെട്ട ജീവനക്കാരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുമുള്ള കുറ്റകരമായ അനാസ്ഥയാണ് വെളിവാക്കുന്നത്. നിലവിലും വാഹനം പ്രവർത്തനക്ഷമമാക്കുകയോ ലേലം ചെയ്ത് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല എന്നത് ഓഡിറ്റിന് അംഗീകരിക്കാൻ കഴിയുന്നതല്ല.

2) KL-37-B-6493 പാലിയേറ്റീവ് കെയർ ആംബുലൻസ്.

മോഡൽ- 09/2012 TATA VINGER-വാങ്ങിയ വർഷം: 2012

ആകെ ഓടിയ ദൂരം -37380 കി.മീ.

അപാകത-ഗിയർ ബോക്സ് അറ്റകുറ്റപ്പണി

മേൽ കൊടുത്തിരിക്കുന്നതിന് സമാനമായ അവസ്ഥ തന്നെയാണ് KL-37-B-6493 പാലിയേറ്റീവ് കെയർ ആംബുലൻസിന്റെയും. പഞ്ചായത്തിലെ പാവപ്പെട്ടവരും നിരാലംബരുമായ രോഗികളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരികയായിരുന്ന വാഹനം ഗിയർ ബോക്സ് തകരാറിനെ തുടർന്ന് അറ്റകുറ്റപ്പണികൾക്കായി ₹56830/-യുടെ എസ്റ്റിമേറ്റ് എടുക്കുകയും അംഗീകാരത്തിനായി പി.ഡബ്ള്യു.ഡി മെക്കാനിക്കൽ വിഭാഗത്തിന് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തെങ്കിലും റിപ്പയർ ചെയ്യാതെ മേൽകൊടുത്തിരിക്കും പ്രകാരമുള്ള അവസ്ഥയിൽ നിലവിൽ നാശോന്മുഖമായ നിലയിലാണ്. ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-38 പള്ളിക്കുന്ന് കുടിവെള്ള പദ്ധതിയിൽ പാഴ്ച്ചെലവ്

| | |
|---|---|
| പ്രോജക്ട് നം,പേര് | 264/19,പള്ളിക്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | ₹200000/- |
| എം ബുക്ക് നം | 712/18-19 |
| ബിൽ നം-തുക | 34/20.07.2018/ ₹192945/- |
| കോൺട്രാക്ടർ | ശ്രീ.ശിവരാജൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചനീയർ |

പള്ളിക്കുന്ന് ഭാഗത്ത് കുടിവെള്ള വിതരണം നടത്തുന്നതിനായി 10000 ലിറ്റർ വാട്ടർ ടാങ്ക്, ടൗൺ ഭാഗത്ത് 96 മീറ്റർ 15mm GI പൈപ്പ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി ₹200000/- അടങ്കലിൽ പദ്ധതി തയ്യാറാക്കി. ടൗൺ ഭാഗത്ത് സ്ഥാപിച്ച 96 മീറ്റർ 15 mm GI പൈപ്പ് ഉപയോഗരഹിതമാണ്. ഈ പൈപ്പ് ലൈനിന് സമാന്തരമായി ഹെലിബറിയ കുടിവെള്ള പദ്ധതിയുടെ മറ്റൊരു പൈപ്പ് ലൈൻ ഉള്ളതിനാൽ പൊതുജനങ്ങൾ പുതിയ പൈപ്പ് ലൈൻ ഉപയോഗിക്കുന്നില്ല. പുതിയതായി സ്ഥാപിച്ച പൈപ്പ് ലൈൻ പല ഭാഗങ്ങളിലും വേർപെട്ട നിലയിൽ റോഡ് വശങ്ങളിൽ ഉപയോഗരഹിതമായി കാണുന്നു. പദ്ധതി ആസൂത്രണത്തിലുണ്ടാകുന്ന അപാകതകളാണ് ഇത്തരം പാളിച്ചകൾക്ക് കാരണം. പദ്ധതിയുമായി ബന്ധപ്പെട്ട ശിലാഫലകം സ്ഥാപിച്ചതിന് ₹2500/- അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി നല്കിയിട്ടുണ്ടെങ്കിലും ശിലാഫലകം സ്ഥാപിച്ചിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതിയ്ക്കുവേണ്ടി ചെലവഴിക്കുന്ന തുക പാഴ്ച്ചെലവായി മാറുന്നില്ല എന്ന് വർക്കിംഗ് ഗ്രൂപ്പുകളും മോണിട്ടറിംഗ് സമിതിയും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

### 1-39 പൊതുമരാമത്ത് പദ്ധതി നിർവ്വഹണം -കാര്യക്ഷമമല്ല

ഓഡിറ്റ് വർഷത്തിലെ പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമല്ല. വിശദാംശം ചുവടെ നല്കുന്നു.

| | |
|---|---|
| ആവിഷ്കരിച്ച ആകെ പദ്ധതികൾ | 180 |
| സ്പിൽ ഓവർ | 74 |
| അടങ്കൽ | ₹86918087 |
| ചെലഴിച്ച തുക | ₹41534538 |
| സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയത് | 60 |
| പുതിയ പദ്ധതികൾ നടപ്പിലാക്കിയത് | 43 |
| ചെലവ് ശതമാനം | 47.78 |

പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതും ആസൂത്രണം നടത്തുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

### 1-40 വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 124 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹54250/- വീതം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നുണ്ട്. എന്നാൽ ഇതിൽ എത്ര എണ്ണം ടാപ്പുകൾ പ്രവർത്തിക്കുന്നവയാണെന്നോ പ്രവർത്തിക്കാത്തവ എത്രയെന്നോ വ്യക്തമല്ല. പഞ്ചായത്തിൽ നിന്നും എ.ഇ വാട്ടർ അതോറിറ്റി പി.എച്ച്.സെക്ഷൻ പീരുമേടിന് നൽകിയ എ4-794/2019/ 28-02-2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 7-03-2019 ൽ സംയുക്തപരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ അധികതുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

20.02.2019-ലെ 32719 നമ്പർ ബില്ല് പ്രകാരം കുടിശികയിനത്തിൽ ₹43,06,870/-ഉം പിഴ ഇനത്തിൽ ₹84,480/-ഉം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തുക ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല. ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-41 മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -ഭരണചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

26.8.2017ലെ സ.ഉ.(സാധാ) 2941/2017/ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി

നൽകിയിരുന്നു. പ്രസ്തുത തുക കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും ഉത്തരവായിരുന്നു. 2018-19 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ നടത്തുന്നതിനായി ₹871827/- തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തൻവർഷം ₹672055/- ഗ്രാമപഞ്ചായത്തിന് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. മുൻ വർഷം ലഭിക്കാനവശേഷിച്ചിരുന്ന ₹346400/- ഉൾപ്പെടെ ആകെ ₹546172/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 ആശ്രയ പദ്ധതി-ലഭിച്ച തുക ചെലവഴിക്കുന്നില്ല.

കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന തുകകളുടെ വിവരം താഴെ പരാമർശിക്കുന്നു.

| പദ്ധതി | ബാങ്ക് | തീയതി | നീക്കിയിരിപ്പ് ₹ |
|---|---|---|---|
| ആശ്രയ-1 | 4410 സർവ്വീസ് സഹകരണ ബാങ്ക്, പാമ്പനാർ | 24-02-2020 | 3183620 |
| ആശ്രയ-2 | 0541 സർവ്വീസ് സഹകരണ ബാങ്ക്, പീരുമേട് | 24-02-2020 | 2785023 |

ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ 29.02.2020 ൽ ₹59,68,643/- നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. 2018-19 വർഷം ആശ്രയ പദ്ധതിക്ക് യാതൊരു ചെലവും നടത്തിയിട്ടില്ല. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-43 ആരോഗ്യവിള പരിപാലനകേന്ദ്രം-എൽ.എസ്.ജി.ഡി.ഓഫീസായി പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം,പേര് | 134/19-ആരോഗ്യവിള പരിപാലനകേന്ദ്രം |
| അടങ്കൽ | ₹600000/- |
| എം ബുക്ക് നം | 36/18-19 |
| ബിൽ നം-തുക | 72/29.12.2018- ₹329589/- |
| കോൺട്രാക്ടർ | ശ്രീ.ഷഫീഖ് അബ്ബാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

തൊഴിൽ പ്രോത്സാഹനം, കൃഷി അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ ഉദ്ദേശിച്ച് ഉല്പാദന മേഖലയിൽ വിഭാവനം ചെയ്ത പദ്ധതിയാണ് ആരോഗ്യവിള പരിപാലനകേന്ദ്രം. 2017-18-ൽ പത്ത് ലക്ഷം രൂപയും 2018-19-ൽ ₹600000/-യുമാണ് പദ്ധതിയിക്കായി വകയിരുത്തിയത്. പഞ്ചായത്താഫീസിനോട് ചേർന്ന് പണി പൂർത്തിയാക്കിയ കെട്ടിടം നിലവിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഓഫീസായി പ്രവർത്തിക്കുന്നു.ആസൂത്രണ പ്രക്രിയയിൽ വിവിധമേഖലകളിൽ നിശ്ചിത തുക വകയിരുത്തുവാൻ നിർദ്ദേശിക്കുന്നത് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നത് ജനകീയാസൂത്രണത്തിന്റെ അന്ത:സത്തയെതന്നെ ചോദ്യം ചെയ്യുന്നതാണ്. ആയതിനാൽ പദ്ധതി നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭരണസമതിയുടെയും കൃത്യമായ മേൽനോട്ടവും വിലയിരുത്തലുകളും യഥാസമയങ്ങളിൽ ഉണ്ടാവേണ്ടതാണ്.

### 1-44 ഡി.റ്റി.പി.സി തൊഴിലാളികളുടെ വേതനം -നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഡി.റ്റി.പി.സി തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ ₹422460/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തൻവർഷം ₹168000/-ഗ്രാമപഞ്ചായത്തിന് ഡി.റ്റി.പി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. മുൻ വർഷം ലഭിക്കാനവശേഷിച്ചിരുന്ന ₹182375/- ഉൾപ്പെടെ ആകെ ₹436835/- ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-45 തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (കൺ. നം. 1156124021708) തൻവർഷം 04/18-03/19 വരെ പ്രതിമാസം ₹26992/-(ശരാശരി) നിരക്കിൽ അടച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ ഇനം, തരം മുതലായ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻമൂലം തെരുവ് വിളക്കുകളുടെ എണ്ണം, തരം, പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ, ബൾബുകൾ, ട്യൂബുകൾ, അനുബന്ധ ഉപകരണങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾക്ക് മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടതിന് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-46 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർന്നടപടികൾ സ്വീകരിച്ച് അത് തീർപ്പു കല്പിക്കുന്നതിലും ഗുരുതരമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 ദിവസം |
| 2 | വിധവാ പെൻഷൻ | 45 ദിവസം |
| 3 | അൻപതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45ദിവസം |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 45ദിവസം |
| 5 | വികലാംഗ പെൻഷൻ | 60ദിവസം |

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ വർഷങ്ങളുടെ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കുകയെന്ന ഉദാത്ത കടമ നിറവേറ്റുന്നതിൽ സംഭവിച്ച ഗുരുതരമായ വീഴ്ച്ച ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 1-47 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.എൈ പീരുമേട് ശാഖയിലുള്ള 67328810621 എന്ന അക്കൗണ്ടിൽ ₹244539/- ഏതിനത്തിൽ ഉൾപ്പെട്ടതാണെന്ന് തിരിച്ചറിയാതെ വർഷങ്ങളായി അവശേഷിക്കുന്നു. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-48 ലൈഫ് പദ്ധതി അവലോകനം

**എ)ഫണ്ട് വിശകലനം**

നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| തനത് | പൊതു വിഭാഗം | 10001400 | 9979000 |
| | എസ്. സി.പി | 8400200 | 7912600 |
| | റ്റി.എസ്.പി | 32400 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 2400000 | 2400000 |
| | എസ്. സി.പി | 2434700 | 2420000 |
| | റ്റി.എസ്.പി | 120000 | 0 |
| ജില്ലാപഞ്ചായത്ത് | എസ്.സി.പി | 38885752 | 0 |
| സംസ്ഥാന വിഹിതം | | 27600000 | 27600000 |
| ഹഡ്കോ വായ്പ | | 70744135 | 70744135 |

**ബി. ഗുണഭോക്തൃ വിശകലനം**

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 317 | 168 | 1 | 486 |
| പണി തുടങ്ങാത്തത് | 17 | 8 | - | 25 |
| തുടങ്ങിയത് | 10 | 5 | - | 15 |
| തറ തീർന്നത് | 40 | 9 | - | 49 |
| ലിന്റൽ തീർന്നത് | 59 | 30 | 1 | 90 |

| | | | | |
|---|---|---|---|---|
| മേൽക്കുര തീർന്നത് | 20 | 9 | 0 | 29 |
| പണി തീർന്നത് | 171 | 107 | - | 278 |

### 1-49 മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും

പീരുമേട് ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമായി ഗ്രാമപഞ്ചായത്ത് ₹1450000/- വകയിരുത്തി 2018-19-ൽ മാലിന്യ സംസ്കരണയൂണിറ്റ് സ്ഥാപിച്ചു. 2016ലെ കേന്ദ്ര ഖരമാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ, സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം ഉറവിടത്തിൽ തന്നെ നടത്തേണ്ടതാണ്. ഇതു പ്രകാരം വിവിധ സ്ഥാപനങ്ങളുടെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നത് പഞ്ചായത്ത് ഏറ്റെടുക്കുന്ന പക്ഷം വിവിധ നിരക്കിലുള്ള ഫീസുകൾ ഈടാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടപ്പാക്കുന്നതിന് നിലവിൽ ഫീസുകൾ ഈടാക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.07.2017ലെ സ.ഉ.(സാധാ)2511/2017 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ടൗണിലെ റിസോർട്ടുകൾ, ഹോട്ടലുകൾ കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ, തൊഴിലാളികൾ ശേഖരിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാലിന്യ നിർമ്മാർജ്ജന പ്ലാന്റിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നു. ഇവിടെ നിന്നും അജൈവമാലിന്യങ്ങൾ___വേർതിരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഒരു ഭാഗത്ത് നിക്ഷേപിക്കുന്നു. ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുന്നതിന് പ്രത്യേകം പിറ്റുകളിൽ നിക്ഷേപിക്കുന്നു. എന്നാൽ അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള യാതൊരു സംവിധാനവും പ്ലാന്റിലില്ല. മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായ രീതിയിൽ നടക്കുന്നതിനുള്ള വെള്ള സൗകര്യമോ അടിസ്ഥാന സൗകര്യങ്ങളോ പ്ലാന്റിൽ ഇല്ല. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സർക്കാരിന്റെ ഉത്തരവുകളും സർക്കുലറുകളും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്ത് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി നിർവ്വഹണം ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പും പഞ്ചായത്ത് കമ്മിറ്റിയും ശരിയായ രീതിയിൽ മോണിട്ടറിംഗ് ചെയ്യേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ മുതൽ എക്സ് വരെ വകുപ്പുകൾ, 2016- ലെ കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം മാലിന്യ

നിർമ്മാർജ്ജനം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതും പൊതുസ്ഥലങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം 2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതി-അധികനിരക്ക് നല്കിയതുമൂലം നഷ്ടം- ₹103762/-

9-ാം വാർഡ് പട്ടുമുടി എസ്.സി കോളനി കുടിവെള്ള പദ്ധതിയിൽ ജി.ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന് എം.ബുക്ക് പ്രകാരം ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾ നേരിട്ട് പരിശോധിച്ചപ്പോൾ ട്രെഞ്ചിംഗ് നടത്താതെയാണ് പൈപ്പുകൾ ഇട്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്കിൽ നിന്നും ട്രെഞ്ചിംഗിനുള്ള പണിക്കൂലി ഒഴിവാക്കി വേണം മരാമത്ത് ബിൽ തയ്യാറാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതെ ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്ക് അനുവദിച്ചത് മൂലം ഈ ഇനത്തിൽ കരാറുകാരന് ₹103761/- അധികമായി നൽകിയിരിക്കുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പദ്ധതി നമ്പർ | 193/19 |
| അടങ്കൽ തുക | ₹480000/- |
| ബിൽ നമ്പർ, തുക, തിയതി | 8/16/05/2018, ₹462256/- |
| കോൺട്രാക്ടർ. | ശ്രീ.ബാലചന്ദ്രൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| എം.ബുക്ക് നം. | 657/17-18 |

| ഇനം | ട്രെഞ്ചിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്(m) | നൽകിയ തുക (₹) | നല്കാവുന്ന തുക(₹) | അധികം നല്കിയ തുക(₹) |
|---|---|---|---|---|
| 40mm GI PIPE | 144 | 144x466.33=67151.52 | 144x378.96=54570.24 | 12581.28 |

| | | | | |
|---|---|---|---|---|
| | | | | |
| 32mm GI PIPE | 216 | 216x383.22=82775.52 | 216x295.78=63888.48 | 18887.04 |
| 25mm GI PIPE | 360 | 360x383.92=138211.20 | 360x231.4=83304 | 54907.2 |
| 20mm GI PIPE | 192 | 192x288.58=55407.36 | 192x200=38400 | 17007.36 |
| | | | **ആകെ** | **103382.88** |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി(നം.10) മുഖേന നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. അധികമായി നല്കിയിരിക്കുന്ന തുക അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ,ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 പദ്ധതി രൂപീകരണം-പ്രിന്റിംഗ് ജോലികൾക്ക് അധിക തുക അനുവദിച്ചു.

| | | |
|---|---|---|
| പദ്ധതി | പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനും ചെലവ്(15/19) | |
| അടങ്കൽ | ₹4,00,000/- | |
| ബിൽ വിശദാംശങ്ങൾ | 39/18-19/29-12-2018 | ₹147140/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

വാർഷിക പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവൃത്തികൾക്കുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയിൽ

തൻവർഷത്തെ പ്രിന്റിംഗ് ജോലികളും ഉൾപ്പെടുത്തിയിരുന്നു. അച്ചടി പ്രവൃത്തികൾ നിർവഹിക്കുന്നതിന് വേണ്ടി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തു, പഴയ പാമ്പനാറിലുള്ള സെന്റ് ജോൺസ് കമ്പ്യൂട്ടേഴ്സ് & ഓഫ് സെറ്റ് പ്രസ് എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. പദ്ധതിയിൽ പരാമർശിച്ചിരുന്ന ഇനങ്ങൾക്ക് സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് താഴെ കൊടുക്കുന്നു.

| പേപ്പർ ഇനം | നിരക്ക് (₹) |
|---|---|
| A4 size | 0.75(അച്ചടിക്കുന്ന പേജൊന്നിന്) |
| A3 size colour | 40(അച്ചടിക്കുന്ന പേജൊന്നിന്) |
| ബുക്ക് ബൈന്റിംഗ് | 50 |

ഒരു ബുക്കിന്റെ ഒരു താളിന്റെ രണ്ട് വശങ്ങളിൽ അച്ചടിക്കുമ്പോൾ ആയത് രണ്ട് പേജുകൾ എന്ന രീതിയിലും ഒരു വശത്ത് മാത്രം അച്ചടിക്കുന്ന സംഗതിയിൽ അത് ഒരു പേജ് എന്ന രീതിയിലുമാണ് നിരക്ക് കണക്കാക്കിയത്. ഇതിൽ നിന്ന് അച്ചടിക്കുന്ന പേജുകൾക്ക് മാത്രമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ തുടങ്ങിയവയാണ് പ്രിന്റ് ചെയ്തത്. സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബില്ലുകളിൽ (No.302,308/തീ. 29-08-2018) സൂചിപ്പിക്കുന്ന രേഖകൾ ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസങ്ങൾ/ അപാകതകൾ ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">ഇനം/ബിൽ/എണ്ണം</th><th rowspan="2">ഉപ ഇനം</th><th rowspan="2">ഭൗതിക പരിശോധനയിൽ ഒരു ബുക്കിൽ കണ്ട പേജ് എണ്ണം/ തരം</th><th rowspan="2">ക്വട്ടേഷൻ പ്രകാരം നൽകാവുന്ന നിരക്ക്</th><th rowspan="2" colspan="2">ഒരു ബുക്കിന് നൽകാവുന്ന തുക (₹)</th><th rowspan="2">ഒരു ബുക്കിന് നൽകിയ തുക (₹)</th><th colspan="2">ആകെ ബുക്കിന്</th><th rowspan="2">അധികം നല്കിയ തുക (₹)</th></tr>
<tr><th>നൽകാവുന്ന തുക (₹)</th><th>നൽകിയ തുക (₹)</th></tr>
<tr><td rowspan="3">കരട് പദ്ധതി രേഖ<br>(Bill No. 308/27-12-2018), 375 എണ്ണം</td><td>A4 size</td><td>30</td><td>0.75</td><td>22.5</td><td rowspan="3">112.5</td><td rowspan="3">147.2</td><td rowspan="3">42188</td><td rowspan="3">55200</td><td rowspan="3">13012</td></tr>
<tr><td>A3 size colour<br>(കവർ പേജ്)</td><td>1</td><td>40</td><td>40</td></tr>
<tr><td>ബുക്ക് ബൈന്റിംഗ്</td><td>1</td><td>50</td><td>50</td></tr>
</table>

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അന്തിമ പദ്ധതി രേഖ (Bill No. 302/27-12-2018), 250 എണ്ണം | A4 size | 30 | 0.75 | 22.5 | 152.5 | 148.6 | 38125 | 62150 | 24025 |
| | A3 size colour (കവർ പേജ് & A4 ഇന്നർ പേജ് രണ്ടെണ്ണം) | 2 | 40 | 80 | | | | | |
| | ബുക്ക് ബൈന്റിംഗ് | | 50 | 50 | | | | | |
| | | | | | | | | | **37037** |

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.18) മുഖേന പഞ്ചായത്ത് അധികൃതരെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക അനുവദിച്ച് നല്കിയത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയുടെ വീഴ്ചയാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ചയായതിനാൽ ₹37037/-യുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. നഷ്ടതുക കരാറുകാരനിൽ നിന്ന് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ₹37037/- ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 24.05.2019-25.05.2019 | കെ.എസ് എ-ഐ.ഡി.കെ.3/520(35)/2019 തി.13.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| അഴുത ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 143009 | എസ്.ഒ.009/18 ജവഹർഭവന പദ്ധതി പലിശ തിരിച്ചടവ് | 143009 | 0 |
| | | 300000 | എസ്.ഒ.028/18 അംഗൻവാടിയ്ക്ക് സ്ഥലംവാങ്ങൽ | 0 | 300000 |
| | | 166000 | എസ്.ഒ.135/18- അഴുതയാർ വാരിക്കാടൻ ഭാഗം ചപ്പാത്ത് | 0 | 166000 |
| | | 500000 | എസ്.ഒ.137/18- പ്ലാക്കത്തടം എസ്.റ്റി.കോളനി മൂല്യവർദ്ധിത ഉത്പന്ന വിപണന കേന്ദ്രം | 196110 | 303890 |
| | | 500000 | എസ്.ഒ.393/18- പള്ളിക്കുന്ന് ലൈബ്രറി കെട്ടിടത്തിന് മുകളിൽ ഹാൾ നിർമ്മാണം | 0 | 500000 |
| | 2018-19 | 1400000 | എസ്.ഒ.17/2019 ലൈഫ് ഭവന പദ്ധതി (പൊതു വിഭാഗം) | 1400000 | 0 |
| | | 1434700 | എസ്.ഒ.18/2019 | 1420000 | 14700 |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി വിഭാഗം) | | |
| | | 40000 | എസ്.ഒ.89/2019<br>ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗ വിഭാഗം) | 0 | 40000 |
| | | 1500000 | എസ്.ഒ.275/2019<br>വൃദ്ധസദനം പൂർത്തീകരണം | 979902 | 520098 |
| | | 500000 | എസ്.ഒ.159/2019<br>86 എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് | 0 | 500000 |
| | | 265076 | എസ്.ഒ.162/2019<br>ജവഹർ ഭവന പദ്ധതി | 265076 | 0 |
| | | | | **ആകെ** | **2344688** |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2016-17 | 206110 | വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല | 0 | 206110 |
| | 2018-19 | 3885752 | എസ്.ഒ.18/2019<br>ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി വിഭാഗം) | 3000000 | 885752 |
| | | | | **ആകെ** | **1091862** |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ₹42196000/-വരവുണ്ട്. മുൻബാക്കി 16042000/- രൂപയടക്കം ₹58238000/-ഉണ്ട്. വിനിയോഗ വിവരം ലഭ്യമല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി/വായ്പ തുക | ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (2017-2018 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-5 പ്രകാരം ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(2018-2019 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 296625/ഡി.ബി1/ 15/തസ്വഭവ/ തി.29.09.2015 തുക ₹18000000/- | 17800000 | 16042000 | 1300000 | 408085 | 15200473 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ എം.എസ് നം. 68/2018/ തസ്വഭ/തി.18.08.2018 ₹46616000/- (3 ഗഡു ഉൾപ്പെടെ) | 42196000 | - | - | - | 42196000 |

വായ്പ സംബന്ധിച്ച രജിസ്റ്ററുകൾ അപൂർണ്ണമായതിനാൽ 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക

ധനകാര്യ പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 385/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1998-1999 | 22 | 189 | പ്രകാശ് എസ്, എ.ഡി.പി | 118040102137/15.10.2018 |
| 2001-2002 | 27(2) | 196 | എം.എസ്.രവി,സെക്രട്ടറി | 118040101564/08.08.2018 |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ ലഭ്യമായ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി) സർചാർജ് നടപടികളുടെ വിവരം

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2003-04 | 2-6 | പി. എസ്. മുഹമ്മദ് സലിം | -- | 30647 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30647 | |
| 2 | 1997-98 | 22(ബി), 23(ബി) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 5912/ എസ്.സി 2/2001 തി. 4.12.04 | 810+ 20024 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 810+ 20024 | |
| 3 | 1998-99 | 22, 23(ബി), 24 (എ), 25(1), (2) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 11041/ എസ്.സി 2/2002 തി.24.2.03 | 71109/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 71109/- | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6-3(i) | വനിത ബ്യൂട്ടിപാർലർ - അപാകതകൾ - അനധികൃത ചെലവ് അംഗീകരിക്കുന്നില്ല | -- |
| 2005-06 | 2-13 | 2009-10 | 2-6 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം - ₹8633/- | -- |
| 2006-07 | 3-1 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ | -- |

| | | | | | |
|---|---|---|---|---|---|
| | | | | കാലതാമസം | |
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തീയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- പാഴ്ചെലവ് | പ്രോജക്ടിൽ തുക വകയിരുത്തി പണി പൂർത്തീകരിച്ചു വരുന്നു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹167372788 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹119471256 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹1750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹145420 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹6648360 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 1-12 | 1750 | - | | ശ്രീ. കെ.റ്റി ഷാജി, സെക്രട്ടറി |
| 1-29 | | 2500 | | ശ്രീ.രമേശൻ.റ്റി.ആർ.,അസി.എഞ്ചിനീയർ |
| 1-38 | | 2500 | | ശ്രീ.രമേശൻ.റ്റി.ആർ.,അസി.എഞ്ചിനീയർ |
| 3-1 | - | ₹103383 | 51692 | ശ്രീ.രമേശൻ.റ്റി.ആർ.,അസി.എഞ്ചിനീയർ |
| | | | 51691 | ശ്രീമതി.വി.എസ് ബിന്ദു, അസി.എക്സി. എഞ്ചിനീയർ |
| 3-2 | - | ₹37037 | | ശ്രീ.കെ.റ്റി. ഷാജി, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3218162 | ശ്രീ.കെ.പി. അജു,അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 1292218 | ₹1201569/-,ശ്രീമതി അനാമിക എം.എസ്., കൃഷി ഓഫീസർ |
| | | ₹90649/-,ശ്രീ.അബ്രാഹാം സ്കറിയ,കൃഷി ഓഫീസർ |
| 1-24 | 1200000 | ശ്രീ. എം. ജയസൂര്യൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 550000 | ശ്രീമതി അനാമിക എം.എസ്.,കൃഷി ഓഫീസർ |
| 1-26 | 99900 | ശ്രീ.കെ.റ്റി. ഷാജി,സെക്രട്ടറി |
| 1-27 | 14080 | ശ്രീമതി അനാമിക എം.എസ്.,കൃഷി ഓഫീസർ |
| 1-28 | 176000 | ശ്രീ.കെ.റ്റി. ഷാജി,സെക്രട്ടറി |
| 1-32 | 98000 | ശ്രീ.കെ.റ്റി. ഷാജി,സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം.:1-14, 1-17

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേശൻ.റ്റി.ആർ,അസി.എഞ്ചിനീയർ | അടിത്തുൺപറ്റി | തുമ്പ്രത്തുമുടിയിൽ<br>ചെങ്കര<br>ഭൂതത്താൻകെട്ട് പി.ഓ<br>കോതമംഗലം<br>എറണാകുളം |
| ശ്രീമതി.വി.എസ് ബിന്ദു,<br>അസി.എക്സി എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ് ഡിവിഷൻ | പ്രണവം, വെട്ടൂർ പോസ്റ്റ് , കുമ്പഴ പത്തനംതിട്ട |

| | | |
|---|---|---|
| | എലഞ്ഞൂർ പത്തനംതിട്ട ജില്ല | |
| ശ്രീ.കെ.റ്റി. ഷാജി,സെക്രട്ടറി | സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് | കല്ലുവേലിൽ വീട്<br>കൂരാലി പി.ഓ<br>കോട്ടയം ജില്ല |
| ശ്രീ.ജയസൂര്യൻ എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ ഉപ്പുതറ ഗ്രാമപഞ്ചായത്ത് | മുട്ടത്താനിക്കൽവീട്<br>മണ്ണാർക്കയം പി.ഒ<br>കാഞ്ഞിരപ്പിള്ളി<br>കോട്ടയം ജില്ല 686506 |
| ശ്രീമതി അനാമിക എം.എസ്.,കൃഷി ഓഫീസർ | ലഭ്യമല്ല | സമന്വയ<br>ചെന്നാൻപാറ<br>വിതുര പോസ്റ്റ്<br>തിരുവനന്തപുരം |
| ശ്രീ.അബ്രാഹാം സ്കറിയ,കൃഷി ഓഫീസർ | ലഭ്യമല്ല | തേക്കപുറത്ത്<br>ഇടമറ്റം പി.ഒ<br>പാല<br>കോട്ടയം ജില്ല |
| ശ്രീ.കെ.പി. അജു,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്ത് | കൊച്ചുവീട്ടിൽ വീട്<br>പനമറ്റം പി.ഒ<br>കോട്ടയം ജില്ല |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|
| 1974-1975 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1975-1976 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1976-1977 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1977-1978 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1978-1979 | എൽ.എഫ്.ഐ.7-87/26.07.1980 | | |
| 1979-1980 | എൽ.എഫ്.ഐ.7-87/26.07.1980 | | |
| 1980-1981 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1981-1982 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |

| | | | |
|---|---|---|---|
| 1982-1983 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1983-1984 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1984-1985 | എൽ.എഫ്.ഐ.6-191/86/19.02.1987 | | |
| 1985-1986 | എൽ.എഫ്.ഐ.6-860/87/19.03.1988 | | |
| 1986-1987 | എൽ.എഫ്.ഐ.6-874/90/16.05.1990 | | |
| 1987-1988 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.6-655/92/11.12.1992 | | |
| 1992-1993 | എൽ.എഫ്.ഐ.6-244/94/17.07.1994 | | |
| 1993-1994 | എൽ.എഫ്.ഐ.7-235/95/20.06.1995 | | |
| 1994-1995 | എൽ.എഫ്.ഐ.6-361/96/12.02.1996 | | |
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | 15 | 3,4,5,8,12,15,16, 17,18,20, 21,22,23,24,25 |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | 29 | 17,18,19,20,21, 22,23, 29(1,2), 30,31,32,33, 34,35,36,37, 38,39, 40,41,42,43-50 |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/ 09.06.2000 | 12 | 21,22(a,b),23(a,b), 24,25,26, 27,28,31,32,34,37 |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/ 29.08.2000 | 19 | 21,22,23(b,c), 24(a,b),25(1,2) 26,27,29,30,40 |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/ 05.04.2002 | 22 | 9,13,14,20, 21(1,2),22-38 |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/ 11.12.02 | 39 | 9,13,14,20(a,b), 21(b),23(a), 26(a,b),27, 28-54,57-60 |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/ 10.06.04 | 39 | 3-41 |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/ 05.11.05 | 23 | 2.4,2.5,2.6,2.7, 2.8,3.1, |

| | | | |
|---|---|---|---|
| | | | 3.2,3.3-3.14, 3.16,3.17 |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/ 31.07.07 | 15 | 2.1,2.2,2.3, 2.4, 2.5, 2.6, 3.1-3.8, 4.3 |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/ 05.04.08 | 20 | 2.2, 2.4-2.12, 3-1-3.9, 4.3 |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/ 08.02.10 | 24 | 2.3-2.11,3.1-3.13, 4.2,4.3 |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/ 29.10.10 | 27 | 2.1 -2.11, 3.2 – 3.16, 4.3 |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/ 14.11.11 | 38 | 1.1-1.4,2.1-2.7, 3.1-3.24,4.4, 4.5,4.6 |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/ 10.05.12 | 15 | 2.3,2.4,3.1,3.2, 3.3,3.6,3.7-3.11, 3.13,3.14,4.3,4.6 |
| 2009-2010 | എൽ.എഫ്.ഐ.8-563/12/13.07.12/ 07.12.12 | 11 | 2.1,2.2,2.4,3.1, 3.2,3.3,3.6-3.10 |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/ 09.07.13 | 7 | 2.1,2.2,3.1,3.2, 3.3,3.4,3.5 |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/ 19.04.13 | 18 | 2.2,2.3,2.4,3.1, 3.2,3.3,3.4,3.6, 3.7,3.8-3.16 |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/ 04.10.14 | 16 | 2.1,2.2,3.1-3.10, 3.13-3.16 |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | 16 | 2.1,2.2,3.1-3.14 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | 21 | 2.1,2.2,2.3,3.1-3.10,3.12-3.19 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550/ 2016/ തീ.8.10.2016 | 12 | 2.1,2.2,2.3,2.4, 3.1-3.5,3.7, 3.8,3.9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.8/1057/2017 തീയതി 14.08.2017 | 22 | 2.1,2.2,3.1-3.20 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.8/1223/2018 തീയതി 28.11.2018 | 9 | 2-1,2-2, 2-3, 2-4, 3-2, 3-3, 3-4, 3-6, 3-7 |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-8/205/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ഓഡിറ്റ് കാര്യാലയം,
തൊടുപുഴ,തീയതി:25.05.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **പീരുമേട് ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക

ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **പീരുമേട് ഗ്രാമ പഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure – 1

## AUDIT CERTIFICATE

No.KSA-IDK-8/205/2020

Office of the Senior Deputy Director of
Kerala State Audit Department

District Office, Idukki

Thodupuzha – 685 584

Phone : 04862-227332

E-mail : doidk.ksad@kerala.gov.in

Date.25.05.2020

Certified that I have audited the Annual Financial Statement of **Peermade** Grama Panchayat in Idukki District

for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **Peermade** Grama Panchayat for the **2018-19**, except the observations in my Audit Report properly presence in the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**